# കേന്ദ്രബജറ്റിലെ ധനനയങ്ങൾ സാമ്പത്തിക മാന്ദ്യം പരിഹരിക്കുമോ.

ഡോ. ബി. എ. പ്രകാശ്.

നികുതി നിർദ്ദേശങ്ങൾ വഴിയും, സർക്കാരിന്റെ ചെലവിനങ്ങളിൽ മാറ്റം വരുത്തിയും മറ്റും അനുവർത്തിക്കുന്ന ധനനയങ്ങൾ വഴി സമ്പദ്ഘടനയിൽ ഉദ്പാദനം, ഉപഭോഗം, നിക്ഷേപം, തൊഴിൽ തുടങ്ങിയ രംഗങ്ങളിൽ മാറ്റങ്ങൾ സൃഷ്ടിച്ച് സാമ്പത്തിക വളർച്ച, വികസനം, ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക തുടങ്ങിയവ നേടുകയാണ് ഒരു ബജറ്റിന്റെ ലക്ഷ്യം. ബജറ്റ് ഒരു സർക്കാരിന്റെ മുൻവർഷത്തെയും, വരാൻ പോകുന്ന വർഷത്തെയും വിശദമായ വരവ് ചെലവ് കണക്കുകളാണെങ്കിലും, അത് സർക്കാർ അനുവർത്തിക്കാൻ ഉദ്ദേശിക്കുന്ന സാമ്പത്തിക നയങ്ങളുടെ പ്രധാന രേഖയാണ്. കേന്ദ്ര സർക്കാർ നടപ്പിലാക്കിയ നോട്ട് അസാധുവാക്കൽ നടപടിയെ തുടർന്ന് രാജ്യം രൂക്ഷമായ സാമ്പത്തിക മാന്ദ്യത്തിലാണെന്നാണ് ഇതേ കുറിച്ചുള്ള റിപ്പോർട്ടുകൾ കാണിയ്ക്കുന്നത്. കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ച സാമ്പത്തിക സർവേയും ഇത് ശരി വയ്ക്കുന്നു. ഈ സാഹചര്യത്തിൽ സാമ്പത്തിക മാന്ദ്യം മാറ്റാനും സമ്പദ്ഘടനയെ, നോട്ട് അസാധുവാക്കലിന് മുൻപ് നിലനിന്ന സ്ഥിതിയിലേക്ക് നയിക്കാനും, കേന്ദ്ര ബജറ്റിൽ അനുവർത്തിക്കുന്ന ധനനയങ്ങൾ എത്രത്തോളം സഹായകരമാകുമെന്ന് പരിശോധിക്കുകയാണ് ഈ ലേഖനത്തിൽ.

ആദ്യമായി നോട്ട് അസാധുവാക്കൽ സൃഷ്ടിച്ച സാമ്പത്തിക മാന്ദ്യത്തിന്റെ വ്യാപ്തി പരിശോധിക്കാം. നോട്ട് അസാധുവാക്കൽ നടപ്പിലാക്കിയ 2016-17 ലെ രണ്ടാം പകുതിയിൽ സാമ്പത്തിക വളർച്ചയിൽ കാര്യമായ ഇടിവ് ഉണ്ടാകുമെന്ന് ലോകസഭയിൽ സമർപ്പിച്ച പുതിയ സാമ്പത്തിക സർവെയിൽ പറയുന്നു. 2016-17 സാമ്പത്തിക വർഷത്തിലെ ആദ്യ പകുതിയിൽ വളർച്ച നിരക്ക് 7.2 ശതമാനമായിരുന്നത് രണ്ടാം പകുതിയിൽ 6.7 ശതമാനമായി കുറയാൻ സാധ്യത ഉണ്ടെന്നു സർവേ പറയുന്നു. വ്യവസായ വളർച്ച 2016-17 ലെ ഒന്നാം പകുതിയിൽ 8.1 ശതമാനമായിരുന്നത് രണ്ടാം പകുതിയിൽ 6.7 ശതമാനം ആയും, സർവിസ് മേഖലയുടെത് 9.2 ശതമാനമായിരുന്നത് 8.4 ശതമാനമായി കുറയുമെന്നും സർവ്വേ പറയുന്നു. ചുരുക്കത്തിൽ വ്യവസായ സേവന മേഖലകളിൽ കാര്യമായ സാമ്പത്തിക മാന്ദ്യം 2016-17 ന്റെ രണ്ടാം പകുതിയിൽ ഉണ്ടാകുമെന്ന് സർവേ കണക്കാക്കുന്നു. നോട്ട് അസാധുവാക്കലിനു മുൻപ് ശേഖരിച്ച സ്ഥിതി വിവര കണക്കുകളുടെ അടിസ്ഥാനത്തിലാണ് ഈ കണക്കുകൾ തയ്യാറാക്കിയിട്ടുള്ളത്. സാമ്പത്തിക വളർച്ച നിരക്ക് ഒന്ന് മുതൽ ഒന്നര ശതമാനം വരെ കുറയാൻ സാധ്യത ഉണ്ടെന്ന് മറ്റ് ചില എജൻസികൾ കണക്കാക്കുന്നു. ഐ. എം. എഫ് ഒരു

ശതമാനം കുറവുണ്ടാകുമെന്ന് കണക്കാക്കുന്നു. സെൻട്രൽ ഫോർ മോണിറ്ററിംഗ് ഇന്ത്യൻ എക്കോണമി ഒന്നര ശതമാനം കുറവ് വരുമെന്ന് മാത്രമല്ല, അടുത്ത അഞ്ചു വർഷക്കാലം ഇന്ത്യയുടെ സാമ്പത്തിക വളർച്ച നിരക്ക് ആറു ശതമാനമായി നിലനിൽക്കുമെന്നും കണക്കാക്കുന്നു. സമ്പത്തിക വളർച്ച ഒരു ശതമാനം കുറവുണ്ടാകുക എന്നതിന്റെ അർത്ഥം ഇന്ത്യൻ സമ്പദ് വ്യവസ്ഥയിൽ 1.5 ലക്ഷം കോടിയുടെ മൂല്യം വരുന്ന സാധനങ്ങളുടെയും, സർവിസുകളുടെയും ഉത്പാദനം കുറഞ്ഞു എന്നാണ്.

നോട്ട് അസാധുവാക്കൽ മൂലം സൃഷ്ടിച്ച കറൻസി ക്ഷാമവും, സാമ്പത്തിക മാന്ദ്യവും, ജനങ്ങളുടെ ദുരിതവും പരിഗണിയ്ക്കാത്ത ബജറ്റാണിത്. റദ്ദാക്കപ്പെട്ട കറൻസിക്ക് പകരം പുതിയ കറൻസി അച്ചടിച്ച് വിതരണം ചെയ്യാനുള്ള നടപടികളെക്കുറിച്ചോ, ഇതിന് എത്രത്തോളം സമയം വേണ്ടിവരുമെന്നോ ബജറ്റിൽ പറയുന്നില്ല. കറൻസിക്ഷാമം മൂലം ഒരു സാമ്പത്തിക മാന്ദ്യവും ഉണ്ടായിട്ടില്ലയെന്ന നിഷേധാത്മകമായ നിലപാടാണ് ബജറ്റ് സ്വീകരിച്ചിരിക്കുന്നത്. കറൻസിക്ഷാമം മൂലം സൃഷ്ടിക്കപ്പെട്ട സാമ്പത്തിക പ്രതിസന്ധി അടുത്ത സാമ്പത്തിക വർഷം തുടരില്ല എന്ന നിലപാട് യാഥാർത്ഥ്യത്തിന് നിരക്കാത്തതാണ്. ഈ പ്രശ്നം പരിഹരിക്കാൻ ബജറ്റിൽ ഒരു നടപടികളും സ്വീകരിച്ചിട്ടില്ല. അസംഘടിതമേഖലയിലെ പ്രവർത്തനം വഴി ഉപജീവനം നടത്തുന്ന വലിയ വിഭാഗം തൊഴിലാളികളുടെ തൊഴിലവസരങ്ങളും, വരുമാനവും, ഉപഭോഗവും സാമ്പത്തിക മാന്ദ്യം മൂലം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. കാർഷിക മേഖല, മത്സ്യബന്ധനം, പരമ്പരാഗത വ്യവസായം, ചെറുകിട വ്യവസായം, നിർമ്മാണം, കച്ചവടം, ഹോട്ടലുകൾ, ഗതാഗതം, മറ്റ് സർവിസുകൾ തുടങ്ങിയ അസംഘടിത മേഖലയിൽ ഉണ്ടായ തൊഴിൽ നഷ്ടവും പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ഇന്നത്തെ സാഹചര്യത്തിൽ സാമ്പത്തിക മാന്ദ്യം അഭിമുഖീകരിക്കാൻ മാന്ദ്യവിരുദ്ധ പാക്കേജ് ആവശ്യമായിരുന്നു. അത്തരം നടപടികൾ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

കർഷകരുടെ വരുമാനം അഞ്ചു വർഷം കൊണ്ട് ഇരട്ടിപ്പിക്കും എന്ന ബജറ്റിലെ നിർദ്ദേശവും യാഥാർഥ്യങ്ങൾക്ക് നിരക്കുന്നതോ, പ്രയോഗികമോ അല്ല. കർഷകരെ സഹായിക്കാനായി ബജറ്റിൽ പറയുന്ന നിർദ്ദേശങ്ങൾ താഴെപ്പറയുന്നവയാണ്. കാർഷിക വായ്പ തുക വർദ്ധിപ്പിക്കുക, 60 ദിവസത്തെ വായ്പ്പയ്ക്ക് പലിശയിളവ് ചെയ്യുക. നബാർഡിന്റെ പ്രവർത്തനം വ്യാപിപ്പിക്കുക, ഇ-മാർക്കറ്റ് വ്യാപിപ്പിക്കുക തുടങ്ങിയവയാണ്. കാർഷിക വായ്പ വഴി മാത്രം കർഷകരുടെ ഉത്പാദനവും, വരുമാനവും വർധിപ്പിക്കാൻ കഴിയില്ല. ഇതിന് കൃഷിയ്ക്ക് ആവശ്യമുള്ള വിത്ത്, വളം, ജലസേചനം തുടങ്ങിയവ ലഭ്യമാക്കാനും, കാർഷികവിള ഇൻഷുറൻസ് വഴി സംരക്ഷിക്കാനും, വിളകൾക്ക് മെച്ചമായ വില ഉറപ്പുവരുത്തുകയും ചെയ്യണം. കറൻസി ക്ഷാമം മൂലം കാർഷിക ഉത്പന്നങ്ങൾക്ക് വേണ്ടത്ര ഡിമാൻഡില്ലാതെ കർഷകർക്ക് വിൽക്കാൻ കഴിയാത്ത സ്ഥിതിയാണ്

കഴിഞ്ഞ ചില മാസങ്ങളിൽ രാജ്യത്തുണ്ടായത്. കൊള്ളപലിശയ്ക്ക് കടം കൊടുക്കുന്നവരിൽ നിന്നും കർഷകരെ രക്ഷിക്കാൻ ആരംഭിച്ച പ്രാഥമിക വായ്പ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കറൻസി നിരോധത്തിന്റെ പേരിൽ സ്തംഭിപ്പിച്ച ചരിത്രമാണ് നമ്മുടെ മുന്നിലുള്ളത്. ഇത്തരം പ്രശ്നങ്ങൾ കാണാതെയുള്ള നിർദ്ദേശങ്ങളാണ് ബജറ്റിലുള്ളത്.

രാജ്യം അഭിമുഖീകരിക്കുന്ന സാമ്പത്തികമാന്ദ്യം മൂലം ഏറ്റവും കൂടുതൽ പ്രതിസന്ധിയിൽ ആയത് ദരിദ്രജനവിഭാഗങ്ങൾ ആണ്. ഈ വിഭാഗങ്ങളുടെ തൊഴിൽ, വരുമാനം, ഉപഭോഗം എന്നിവയിൽ കഴിഞ്ഞ ചില മാസങ്ങളിൽ വൻഇടിവ് ഉണ്ടായി. കറൻസി അസാധുവാക്കലിന്റെ ഏറ്റവും വലിയ ദുരിതം അനുഭവിച്ചതും ഈ വിഭാഗങ്ങളാണ്. ദരിദ്രജനവിഭാഗങ്ങൾക്കുവേണ്ടിയുള്ള ദേശീയ പദ്ധതികളുടെ തുക വർദ്ധിപ്പിച്ച് ദരിദ്രരെ സംരക്ഷിക്കാം എന്ന നിലപാടാണ് ബജറ്റിലുള്ളത്. ഈ നടപടികൾ മൂലം ദരിദ്രരുടെ സ്ഥിതിയിൽ കാര്യമായ മാറ്റമുണ്ടാവില്ല. വരുമാനമുള്ള തൊഴിലവസരങ്ങൾ വർധിപ്പിക്കുകയും, ഭൂ രഹിതർക്ക് കൃഷിഭൂമി വിതരണം ചെയ്യുകയുമാണ് ഇതിന് വേണ്ടത്. ഗ്രാമ പ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളായ റോഡ്, വൈദ്യുതി, കുടിവെള്ളം, പൊതു ആശുപത്രികൾ, സ്കൂളുകൾ എന്നീ സൗകര്യങ്ങൾ വർധിപ്പിക്കേണ്ടതുണ്ട്. ബജറ്റിലെ പൊതുവിലുള്ള ദാരിദ്രനിർമാർജന നയങ്ങളും പരിപാടികളും ഈ രംഗത്ത് കാര്യമായ മാറ്റങ്ങൾ ഉണ്ടാക്കാൻ തീരെ പര്യാപ്തമല്ല.

ബജറ്റിൽ പ്രഖ്യാപിച്ചിരിയ്ക്കുന്ന ചില ഭരണ നടപടികൾ സാമ്പത്തിക വളർച്ചയ്ക്കോ, വികസനത്തിനോ, ജനക്ഷേമം വർദ്ധിപ്പിക്കാനോ സഹായകരമല്ല. രാജ്യത്തിന്റെ വികസനത്തിന് നേതൃത്വം നൽകുന്ന ആസൂത്രണ വികസനം ഇല്ലാതാക്കിയ നടപടി രാജ്യത്തിന് ഗുണകരമല്ല. പുതിയ ധനവിനിയോഗ ക്രമമനുസരിച്ച് പ്ലാനോ, വാർഷിക പദ്ധതികളോ ഇല്ല. ഇത് വാർഷിക പദ്ധതി വിട്ട് ആനുകൂല്യ വിതരണ പ്രക്രിയയിലേക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളെ നയിക്കും. ഇന്ത്യയിലെ റയിൽവേ, ലോകത്തിലെ തന്നെ വലിയ റെയിൽവേകളിൽ ഒന്നാണ്. റയിൽവേ കേന്ദ്ര സർക്കാരിന്റെ ബജറ്റിന്റെ ഭാഗമാക്കുക വഴി അതിനെ ഒരു പൊതു മേഖല സ്ഥാപനമോ, വകുപ്പോ ആയി തരംതാഴ്ത്തിയിരിയ്ക്കുന്നു. ഈ നടപടി റയിൽവേ വികസനത്തിന് ഗുണകരമല്ല. ധനം, ആസൂത്രണം, സാമ്പത്തിക വികസനം എന്നീ വിഷയങ്ങളുടെ നയരൂപീകരണവും നടത്തിപ്പും ധനവകുപ്പിൽ കേന്ദ്രീകരിക്കുന്നതും ഇന്ത്യയെ പോലെ ഒരു വലിയ രാജ്യത്തിന് യോജിച്ചതല്ല.

മുകളിൽ ചൂണ്ടികാണിച്ച ന്യൂനതകൾ ഉണ്ടെങ്കിലും ഈ ബജറ്റിലെ ചില നിർദ്ദേശങ്ങൾ സ്വാഗതാർഹമാണ്. 1. റവന്യൂ കമ്മിയും, ധന കമ്മിയും കുറച്ച് കേന്ദ്ര സർക്കാരിന്റെ ധനസ്ഥിതി മെച്ചപ്പെടുത്താനുള്ള നടപടികൾ. 2. രാജ്യത്തിന്റെ നികുതി ഭരണത്തിൽ വലിയ മാറ്റങ്ങൾ വരുത്താൻ സഹായകമായ ജി. എസ്. ടി

നടപ്പിലാക്കാനുള്ള ശ്രമങ്ങൾ. 3. നികുതി വെട്ടിപ്പ് കുറയ്ക്കാൻ ആദായനികുതിയിലും മറ്റും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ. 4. ആദായനികുതിയുടെ ആദ്യ സ്ലാബ് നികുതി നിരക്കിൽ വരുത്തിയ കുറവ്. 5. നികുതി പിരിവ് മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ. 6. രാഷ്ട്രീയ പാർട്ടികൾ സംഭാവനകൾ സ്വീകരിക്കുന്നതിലുള്ള പുതിയ മാനദണ്ഡങ്ങൾ.

ചുരുക്കത്തിൽ രാജ്യം അഭിമുഖീകരിയ്ക്കുന്ന സാമ്പത്തിക മാന്ദ്യം പരിഹരിയ്ക്കുന്നതിന് ബജറ്റ് നിർദ്ദേശങ്ങൾ പര്യാപ്തമല്ല. എന്നാൽ കേന്ദ്രസർക്കാരിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിനും, നികുതി പരിഷ്ക്കരണത്തിനും, നികുതി പിരിവ് മെച്ചപ്പെടുത്തുന്നതിനും ശ്രദ്ധേയമായ നിർദ്ദേശങ്ങളാണ് ബജറ്റിലുള്ളത്.